പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2337 14.06.2019 ലെ മറുപടിക്ക്

**കയർ ഉത്പന്നങ്ങൾക്ക് ഓൺലൈൻ വിപണി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ ഉത്പന്നങ്ങൾ കൂടുതലായി വിറ്റഴിക്കുന്നതിനും ആഗോളവിപണിയിൽ കേരളത്തിലെ കയർ ഉൽപന്നങ്ങൾക്ക് കൂടുതൽ ഉപഭോക്താക്കളെ കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | എ) ആഗോള വിപണി വികസനത്തിനായി ഇ-കൊമേഴ്സ് സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. ഇതിനായി ആവശ്യമായ പരസ്യ പ്രചാരണങ്ങൾ നടത്തുന്നതിനുള്ള പ്രൊപ്പോസൽ പൂർത്തിയായിട്ടുണ്ട്. |
| ബി) കയർ ഉത്പന്നങ്ങൾക്ക് ഓൺലൈൻ വിപണി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) കയർ ഉത്പന്നങ്ങൾക്ക് ഓൺലൈൻ വിപണി സൃഷ്ടിക്കുന്ന നടപടികളുടെ ഭാഗമായി ഓൺലൈൻ പോർട്ടലുകളായ ഇൻഡ്യാമാർട്ട്,ജെം എന്നിവയിൽ കയർഫെഡ് രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. കൂടാതെ ഈ കൊമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| സി) കയർഫെഡിന്റെ പ്രവർത്തനം വൈവിധ്യവത്കരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ? | സി) ഓൺലൈൻ വ്യാപാരത്തിനായി ഇ-കൊമേഴ്സ് പോർട്ടൽ, റീട്ടെയിൽ നെറ്റ് വർക്ക് ശൃംഖല, ഏജൻസി നിയമനം, ഡിമാന്റ് ജനറേഷനും പരസ്യത്തിനും വേണ്ടിയുള്ള പദ്ധതികൾ, ഡിജിറ്റൽ മാർക്കറ്റിംഗ് പദ്ധതികൾ എന്നിവയും ഉല്പന്നങ്ങളുടെ ശ്രേണി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ